**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2443** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യയ നിയന്ത്രണങ്ങളുടെ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ധനദൃഢീകരണം സാധ്യമാക്കുന്നതിനുള്ള വ്യയ നിയന്ത്രണങ്ങളുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാർഗ്ഗനിർദേശങ്ങൾ മറികടന്നുകൊണ്ട് വിവിധ സർക്കാർ ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള നവീകരണ പ്രവൃത്തികൾ, ഓഫീസ് മോടി പിടിപ്പിക്കൽ, പുതിയ കാറുകൾ വാങ്ങൽ എന്നിവ സംബന്ധിച്ച ചെലവുകളുടെ ഇനവും സ്ഥാപനവും തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഒഴിച്ചുകൂടുവാനാവാത്ത സന്ദർഭങ്ങളിൽ ധനവ്യയനിയന്ത്രണത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ധനമന്ത്രിയുടെ അനുമതിയോടുകൂടി മുഖ്യമന്ത്രിയ്ക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളായത് കൊണ്ട് തന്നെ ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ധനവകുപ്പിൽ ലഭ്യമാകണമെന്നില്ല. |

സെക്ഷൻ ഓഫീസർ